"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പാറച്ചന്ത- ഉളിയന്തറ സ്ക്കൂൾ റോഡിന്റെയും, പണിപ്പുരപ്പടി ആല ശ്രീരംഗം റോഡിന്റെയും ഭരണാനുമതി റദ്ദു ചെയ്ത് പകരം ഇലഞ്ഞിമേൽ-അമ്പലംപടി പാറേപ്പടി റോഡിന്റെയും, കടത്ത് കടവ് റോഡിന്റെയും നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.216/2025/F&P തീയതി,തിരുവനന്തപുരം, 24-03-2025

---

പരാമർശം:-

1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16/08/2023-ലെ എച്ച്.ഇ.സി.ഇ/441/2021-ഡി.ആർ4(1) നമ്പർ കത്ത്.
2. സ.ഉ. (സാധാ) നം. 505/2024/മ.തു.വ. തീയതി 21/08/2024.
3. സ.ഉ. (സാധാ) നം. 521/2024/മ.തു.വ. തീയതി 23/08/2024.
4. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 12/03/2025-ലെ എച്ച്.ഇ.സി.ഇ/01/2024/ഡി3 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (1), (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പാറച്ചന്ത - ഉളിയന്തറ സ്ക്കൂൾ റോഡിന് പരാമർശം (2) പ്രകാരവും, പണിപ്പുരപ്പടി ആല ശ്രീരംഗം റോഡിന് പരാമർശം (3) പ്രകാരവും നൽകിയ ഭരണാനുമതി റദ്ദു ചെയ്ത് പകരം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തെ "4405-00-103-94-തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും 250.00 ലക്ഷം രൂപയുടെ (രണ്ടു കോടി അൻപത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം | റോഡിന്റെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ഇലഞ്ഞിമേൽ-അമ്പലംപടി പാറേപ്പടി റോഡ്, വാർഡ് 11, പുലിയൂർ ഗ്രാമപഞ്ചായത്ത് | 209.00 |

| | | |
|---|---|---|
| **2** | കടത്ത്കടവ് റോഡ് - വാർഡ് **9** ബുധനൂർ ഗ്രാമപഞ്ചായത്ത് | **41.00** |
| | **ആകെ** | **250.00** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEKALA T P**

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 24-03-2025 16:20:53